പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1575 06.03.2020-ലെ മറുപടിക്ക്

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് നൽകുന്ന ഐഡന്റിറ്റി കാർഡ് നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്; ഈ കാർഡിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കാലാവധി പ്രസ്തുത കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം ലഭ്യമാക്കുന്നുണ്ട്. യാത്രാ സൗജന്യം ലഭിക്കുന്നതിന് നൽകുന്ന ഐഡന്റിറ്റി കാർഡ് നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടർ ആണ്. ടി കാർഡിന് കാലാവധി നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പ്രസ്തുത കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാലാവധി രേഖപ്പെടുത്താത്ത കാർഡുകൾ പുതുക്കി വാങ്ങണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; പുതുക്കാനെത്തുന്ന ഭിന്നശേഷിക്കാരോട് ഫൈൻ അടയ്ക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്നവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കാലാവധി രേഖപ്പെടുത്താത്ത കാർഡുകൾ പുതുക്കി നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവധി രേഖപ്പെടുത്താത്ത ആജീവനാന്ത കാർഡുകൾ (യാത്രാപാസുകൾ) കൈപ്പറ്റിയവർക്ക് സമയബന്ധിതമായി 5 വർഷകാലത്തേയ്ക്ക് നൽകിയിരുന്ന പാസ് പുതുക്കി നൽകാൻ നടപടി സ്വീകരിക്കുവാൻ യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ പാസ് പുതുക്കി വാങ്ങാത്തവരിൽ നിന്ന് 5 വർഷ കാലാവധി പൂർത്തീകരിക്കുന്ന തീയതി മുതലുള്ള പിഴ ഈടാക്കി നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി പാസ് പുതുക്കി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**